കെ.എസ്.ആർ.ടി.സി.യിലെ വൈദ്യുതിച്ചെലവ്

330 (2159) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിച്ചെലവിനത്തിൽ പ്രതിമാസം കെ.എസ്.ആർ.ടി.സി. മൊത്തമായി എത്ര രൂപ ചെലവഴിക്കുന്നുണ്ട് ;

(ബി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് മറ്റ് എന്തെങ്കിലും ബദൽ സംവിധാനംകൂടി ഏർപ്പെടുത്തുന്നകാര്യം ആലോചിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രതിമാസം വൈദ്യുതി ചെലവ് കുറച്ചുകൊണ്ടുവരാനും അത്യാവശ്യമുള്ളയിടത്ത് മാത്രം വൈദ്യുതി ഉപയോഗം നിലനിർത്തി ചെലവ് ചുരുക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഇ) കഴിഞ്ഞ ആറ് മാസമായി കെ.എസ്.ആർ.ടി.സി. ഭവനിൽ പ്രതിമാസം എന്ത് രൂപ വൈദ്യുതി ബിൽ ഇനത്തിൽ നൽകിവരുന്നു എന്ന് വിശദവിവരം നൽകാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പ്രതിമാസം 27.99 ലക്ഷം രൂപ വൈദ്യുതിയിനത്തിൽ ചെലവഴിക്കുന്നുണ്ട്.

(ബി&സി) നിലവിൽ ചങ്ങനാശ്ശേരി ഡിപ്പോയിൽ 3 KWA ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ചോ പ്രായോജകരെ ലഭിക്കുമെങ്കിലോ കൂടുതൽ ഡിപ്പോകളിൽ ഇത് സ്ഥാപിക്കുന്നതാണ്.

(ഡി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിലേക്ക് ആവശ്യമായ അച്ചടക്കം പാലിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ ഉയർന്ന ഊർജ്ജോപഭോഗമുള്ള സോഡിയം ലാമ്പുകളുടെ സ്ഥാനത്ത് കഴിയുന്നത്ര കുറഞ്ഞ ഉപഭോഗമുള്ള സി.എഫ്.എൽ./എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചുവരുന്നു.

(ഇ) ട്രാൻസ്പോർട്ട് ഭവനിലെ പ്രതിമാസ വൈദ്യുതിബിൽ പ്രകാരമുള്ള തുകയിൽ വാടകക്കാരായ ആർ.റ്റി.ഒ., രജിസ്ട്രേഷൻ വകുപ്പ്, സപ്ലൈകോ എന്നിവരുടെ വൈദ്യുതി ബിൽ തുക കഴിച്ച് കഴിഞ്ഞ ആറുമാസക്കാലത്തെ കെ.എസ്.ആർ.ടി.സി.-യുടെ ബിൽ തുകയുടെ പ്രതിമാസ കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

5/2015	1,45,949 രൂപ
6/2015	1,34,077 ,,
7/2015	1,41,165 ,,
8/2015	1,26,679 ,,
9/2015	1,26,895 ,,
10/2015	1,28,655 ,,

കെ.എസ്.ആർ.ടി.സി. വരവും ചെലവും

331 (2160) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ജീവനക്കാരുടെ പ്രതിമാസ ശമ്പള ഇനത്തിൽ എത്ര രൂപ ചെലവു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര പെൻഷൻകാരുണ്ടെന്നും പെൻഷൻ ഇനത്തിലുള്ള പ്രതിമാസ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ തസ്തികയിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം താഴെപറയും പ്രകാരമാണ്:

ഡ്രൈവർ	...	13899
കണ്ടക്ടർ	...	11858
മെക്കാനിക്ക്	...	5712
മിനിസ്റ്റീരിയൽ സ്റ്റാഫ്	...	2123

(ബി) ഒക്ടോബർ 2015-ലെ കണക്കുപ്രകാരം സ്ഥിരം ജീവനക്കാരുടെ ശമ്പള ഇനത്തിൽ 64,50,65,830 രൂപ ചെലവ് വരുന്നു.

(സി) നവംബർ 2015-ലെ കണക്കനുസരിച്ച് 37,512 പെൻഷൻകാരുണ്ട്. അതിൽ 37,288 പേർക്കായി 45,29,94,468 രൂപ നൽകിയിട്ടുണ്ട്.

(ഡി) 2015 ഏപ്രിൽ മുതൽ നവംബർവരെയുള്ള കാലയളവിലെ പ്രതിമാസ ശരാശരി ടിക്കറ്റ് വരുമാനം 152,08,28,737 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly